(ഡി, ഇ) 1. ഗൾഫ് നാടുകളിൽ ജോലിക്കുള്ള മിനിമം വിദ്യാഭ്യാസ യോഗ്യത S. S. L. C.ആയി നിശ്ചയിച്ചതിനാൽ S. S. L.C തോറ്റവർക്കായി S. S. L.C തുല്യതാ പരീക്ഷ നടത്തുന്നതിന് വിദ്യാഭ്യാസ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2. ഗൾഫ് നാടുകളിലേക്കുള്ള ഉദ്യോഗാർത്ഥികളുടെ സർട്ടിഫിക്കറ്റ് അറ്റസ്റ്റ് ചെയ്യുന്നതിന് തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിൽ റീജിയണൽ അറ്റസ്റ്റേഷൻ സെന്ററുകൾ ആരംഭിച്ചു. കൊച്ചിയിൽ അനുവദിച്ചിട്ടുള്ള സെന്റർ താമസംവിനാ ആരംഭിക്കുന്നതാണ്.

മൊബൈൽ ഫോൺ ഉപഭോക്താക്കൾ

74 [3125] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര മൊബൈൽഫോൺ ഉപഭോക്താക്കൾ ഉണ്ടെന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് നിലവിൽ പ്രവർത്തനക്ഷമമായ എത്ര മൊബൈൽഫോൺ ടവറുകൾ ഉണ്ടെന്ന് അറിയിക്കാമോ;

(സി) ബി. എസ്. എൻ. എൽ., എസ്കോട്ടൽ, ബി. പി. എൽ., എയർടെൽ, ടാറ്റാ, റിലയൻസ് എന്നിങ്ങിനെ ഓരോ കമ്പനിക്കും എത്ര ടവറുകൾ വീതമുണ്ടെന്നും അടുത്ത ഒരു വർഷത്തിനുള്ളിൽ ഓരോ കമ്പനിയും എത്ര ടവറുകൾ വീതം സംസ്ഥാനത്ത് സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടെന്നും വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് ബി. എസ്. എൻ. എൽ. ഉൾപ്പെടെയുള്ള കമ്പനികൾക്ക് മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമുണ്ടോ; ഇല്ലെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ഇ) ടവറുകളിൽനിന്നും മൊബൈൽഫോണുകളിൽനിന്നുമുള്ള മൈക്രോവേവ് റേഡിയേഷൻ ഉണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന കാൻസർ രോഗവും, വർദ്ധിച്ചു വരുന്ന മൊബൈൽഫോൺ തരംഗവും തമ്മിൽ ബന്ധമുള്ളതായുള്ള റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ജി) മൊബൈൽഫോൺ ടവറുകൾ ഉയർത്തുന്ന ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ പരിഗണിച്ച് ടവറുകളുടെ നിർമ്മാണത്തിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(എച്ച്) മൊബൈൽഫോൺ കേബിളുകൾ ഇടുന്നതിനും മറ്റും ബി. എസ്. എൻ. എൽ. ഉൾപ്പെടെയുള്ള മൊബൈൽ ഫോൺ കമ്പനികൾ റോഡുകൾ കുഴിക്കുന്നതിനും മറ്റും സർക്കാരിൽ നിന്നും അനുമതി വാങ്ങാറുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ; ഇല്ലെങ്കിൽ ഇത്തരം കാര്യങ്ങളിൽ നിയന്ത്രണം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2005 ഫെബ്രുവരി 28-ാം തീയതി വരെയുള്ള കണക്കുപ്രകാരം കേരളാ സർക്കിളിൽ 787452 ബി. എസ്. എൻ. എൽ. മൊബൈൽഫോൺ ഉപഭോക്താക്കളുണ്ട്.

(ബി, സി) 720 ബി. എസ്. എൻ. എൽ. ടവറുകൾ നിലവിലുണ്ട്. സ്വകാര്യ കമ്പനികളെ സംബന്ധിച്ച വിവരം ലഭ്യമല്ല.

(ഡി) ആവശ്യമുണ്ട്. പ്രാദേശിക അതോറിറ്റിയുടെ അനുമതി വാങ്ങാറുണ്ട്.

(ഇ) സംസ്ഥാന സർക്കാർ പ്രത്യേക പഠനങ്ങൾ ഒന്നും നടത്തിയിട്ടില്ല. അന്താരാഷ്ട്ര ഏജൻസികൾ അംഗീകരിച്ചിട്ടുള്ള നോംസ് അനുസരിച്ചുള്ള ട്രാൻസ്മിഷൻ പവർ ലവൽ ആണ് ഇക്കാര്യത്തിൽ ബി. എസ്. എൻ. എൽ. സ്വീകരിച്ചിട്ടുള്ളത്. അമേരിക്ക, യൂറോപ്പ് തുടങ്ങിയ രാജ്യങ്ങളിൽ ഈ വിഷയത്തെക്കുറിച്ച് സുദീർഘമായ പഠനങ്ങളും ചർച്ചകളും നടത്തിയിട്ടുണ്ട്. മൊബൈൽ ടവറിൽ നിന്നോ, ഫോണിൽനിന്നോ ഉള്ള റേഡിയേഷൻ അപകടമുണ്ടാക്കുന്നതായി ഇതുവരെയും റിപ്പോർട്ട് ചെയ്തിട്ടില്ല. അതിനാൽതന്നെ സംസ്ഥാന തലത്തിൽ ഒരു പഠനം ആവശ്യമുണ്ടെന്നു സർക്കാർ കരുതുന്നില്ല.

(എഫ്) മൊബൈൽ സാന്ദ്രത കൂടിയ വികസിത രാജ്യങ്ങളിൽപോലും കാൻസർ രോഗവും മൊബൈൽ തരംഗവും തമ്മിൽ ബന്ധമുള്ളതായി തെളിയിക്കപ്പെട്ടിട്ടില്ല.

(ജി) മൊബൈൽഫോൺ ടവറുകൾ ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായി ശാസ്ത്രീയമായ തെളിവില്ല. അതിനാൽ ടവറുകളുടെ നിർമ്മാണത്തിൽ നിയന്ത്രണമേർപ്പെടുത്താൻ ഉദ്ദേശമില്ല.

(എച്ച്) ഉണ്ട്. കേബിളിടുന്നതിനുള്ള കുഴികൾ മൂടുന്നതിന് സംസ്ഥാന സർക്കാരിൽ മുൻകൂർ പണം അടയ്ക്കാറുണ്ട്. കേബിൾ ഇടുന്നതിനും അനുബന്ധ പ്രവൃത്തികൾക്കും നിയന്ത്രണമേർപ്പെടുത്താൻ ഇപ്പോൾ സർക്കാർ ഉദ്ദേശിക്കുന്നില്ല.

തിരുവനന്തപുരം മെഡിക്കൽ കോളേജ് വികസനം

75 [3126] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി വികസനത്തിനായി മരവിപ്പിച്ചിട്ടിരിക്കുന്ന സ്ഥലം സർക്കാർ ഏറ്റടുക്കണമെന്ന് തിരുവനന്തപുരം നോർത്ത് എം. എൽ. എ.-യുടെ നിവേദനം ലഭിച്ചിരുന്നോ;

(ബി) പ്രസ്തുത നിവേദനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly